# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2155 — 19.06.2012- ൽ മറുപടിക്ക്

### കൈത്തറി മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) കൈത്തറി പുനരുദ്ധാരണത്തിന് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br><br>കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനായി, കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് റിവൈവൽ,റിഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ്; പ്രസ്തുത പാക്കേജ് അനുസരിച്ച് എല്ലാ സംസ്ഥാനങ്ങൾക്കുമായി മൊത്തം 3884 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. അതിൽ കേന്ദ്ര വിഹിതം 3137 കോടി രൂപയും സംസ്ഥാന വിഹിതം 747 കോടി രൂപയുമാണ്. പദ്ധതിയുടെ നടത്തിപ്പ് നബാർഡ് മുഖാന്തിരമാണ്. പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, സംസ്ഥാനത്തെ എല്ലാ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും, അപ്പക്സ് സൊസൈറ്റി ആയ ഹാന്റക്സ് -ന്റെയും 31.3.10 വരെയുള്ള ആഡിറ്റ്, സഹകരണ വകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയുണ്ടായി. കേന്ദ്രസർക്കാരും, നബാർഡും, സംസ്ഥാന സർക്കാരും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് 23.3.12 ന് ഒപ്പുവച്ചു. സംസ്ഥാന സർക്കാരാണ് ആദ്യം |

| | | | |
|---|---|---|---|
| | | | മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പ് വച്ചത്. ലറ്റർ ഓഫ് കമ്മിറ്റ്മെന്റ് സംസ്ഥാന സർക്കാർ നൽകി കഴിഞ്ഞു. 2011-12 വർഷത്തിൽ, സംസ്ഥാന വിഹിതമായി 5 കോടി രൂപ അനുവദിയ്ക്കുകയും, ആ തുക നബാർഡിന് കൈമാറുകയും ചെയ്തു. 2012-13 സാമ്പത്തിക വർഷം വീണ്ടും 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നബാർഡ് സ്പെഷ്യൽ ആഡിറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) | പുനരുദ്ധാരണ പാക്കേജിൽ ഹാന്റെക്സിനെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | പുനരുദ്ധാരണ പാക്കേജിൽ അപ്പക്സ് സൊസൈറ്റിയായ ഹാന്റക്സിനെ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടുള്ള വയബിൾ /പൊട്ടൻഷ്യലി വയബിൾ കാറ്റഗറിയിൽ വന്നെങ്കിൽ മാത്രമേ ഹാന്റക്സിന് ഈ ആനുകൂല്യം ലഭിക്കുകയുള്ളു. |
| (സി) | ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പ്രാഥമിക കൈത്തറി സംഘങ്ങളുടെയും, അപ്പക്സ് സംഘത്തിന്റെയും, സ്വകാര്യ നെയ്ത്തുകാരുടെയും 31.3.10 വരെയുള്ള കുടിശ്ശികയായിട്ടുള്ള വായ്പാത്തുകയുടെ 100 ശതമാനവും നോൺ പെർഫോമിംഗ് അസറ്റ്സ് ആയ തീയതിവരെയുള്ള പലിശയുടെ 25 ശതമാനവും തിരിച്ചടവിൽ നിന്ന് ഒഴിവാക്കപ്പെടുന്നതാണ്. ഇതാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത്. ഈ പദ്ധതിയനുസരിച്ച്, കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും താഴെ പറയുന്ന അനുപാതത്തിൽ തുക ഷെയർ ചെയ്യേണ്ടതാണ്.<br>അപ്പക്സ് സൊസൈറ്റി - 75:25 (കേന്ദ്രം സംസ്ഥാനം)<br>പ്രാഥമിക സംഘങ്ങൾ - 80:20 (കേന്ദ്രം സംസ്ഥാനം)<br>വ്യക്തിഗത നെയ്ത്തുകാർ - 80:20 (കേന്ദ്രം സംസ്ഥാനം) |

സെക്ഷൻ ഓഫീസർ